# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2321** **8.03.2017-ൽ മറുപടിക്ക്**

സമ്പൂർണ്ണ വൈദ്യുതീകരണം

| | ചോദ്യം<br>ശ്രീ. സി. ദിവാകരൻ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയായോ എന്ന് വ്യക്തമാക്കുമോ; | (എ) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി മാർച്ച് 2017 ഓടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. 01.03.2017 ലെ കണക്കനുസരിച്ച് 81,498 വീടുകൾക്ക് ടി പദ്ധതി പ്രകാരം വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ ഏതെല്ലാം നിയോജക മണ്ഡലത്തിൽ വൈദ്യുതീകരണം പൂർത്തിയായി എന്ന് വ്യക്തമാക്കുമോ; | (ബി) | 2006-11 കാലത്ത് 85 അസംബ്ലി മണ്ഡലങ്ങളും 2011-16 കാലത്ത് ഒരു മണ്ഡലവും സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയിട്ടുണ്ട്. ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം സമ്പൂർണ്ണ വൈദ്യുതീകരണം പുനരാരംഭിച്ചതിന്റെ ഭാഗമായി 01.03.2017 ലെ കണക്കനുസരിച്ച് എറണാകുളം, അമ്പലപ്പുഴ, കോഴിക്കോട് (നോർത്ത്), കോഴിക്കോട് (സൗത്ത്), തലശ്ശേരി, കായംകുളം, തിരൂരങ്ങാടി, ആലപ്പുഴ, മാവേലിക്കര, ചേർത്തല, തൃക്കാക്കര, കഴക്കൂട്ടം, മൂവാറ്റുപുഴ, അരൂർ, ചെങ്ങന്നൂർ, കുട്ടനാട്, ഹരിപ്പാട്, നെയ്യാറ്റിൻകര എന്നീ 18 മണ്ഡലങ്ങൾ പൂർണമായി വൈദ്യുതീകരിച്ചതായി പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ 25 മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. |
| (സി) | സമ്പൂർണ്ണ വൈദ്യുതീകരണത്തിന് എം. എൽ. എ മാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | 01.03.2017 ലെ കണക്കനുസരിച്ച് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയ്ക്ക് ഫണ്ട് അനുവദി ക്കുന്നതിനായി 122 എം.എൽ.എ മാർ കത്ത് നൽകിയിട്ടുണ്ട്. 35.37 കോടി രൂപയുടെ ഫണ്ടാണ് 122 എം.എൽ.എ മാർ അനുവദിച്ചിരി ക്കുന്നത്. ഇതിൽ 26.53 കോടി രൂപ ആസ്തി വികസന ഫണ്ടായും 8.84 കോടി രൂപ പ്രത്യേക വികസന ഫണ്ടായും ആണ് എം.എൽ.എ മാർ അനുവദിച്ചിരിക്കുന്നത്. |

Hemalatha

സെക്ഷൻ ഓഫീസർ